<u>**15 -ാം കേരള നിയമസഭ**</u>

<u>**1 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600**</u> <u>**09-06-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വനം വകുപ്പിന്റെ പരിധിയിൽ അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റൽ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷം ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിൽ വകുപ്പിന്റെ പരിധിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നിർദ്ദേശം നൽകുമോ; | (എ) | വഴിയരികിലും പൊതുസ്ഥലങ്ങളിലും മറ്റും അപകടകരമായി നിൽക്കുന്ന മരങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും പലപ്പോഴും ഹാനികരമാണ്. ഇത്തരത്തിലുള്ള അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കി മാറ്റാനുള്ള അപേക്ഷ വനം വകുപ്പ് ഓഫീസിൽ ലഭിച്ച് 2 ദിവസത്തിനകംതന്നെ തീർപ്പാക്കാനും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഉദ്യോഗസ്ഥർ അപേക്ഷയ്ക്കായി കാത്തുനിൽക്കാതെ ബന്ധപ്പെട്ട വകുപ്പുമായി ഇക്കാര്യത്തിൽ മുൻകൈയ്യായി പരിശോധന നടത്തി അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കി മാറ്റുന്നതിന് 3.6.2021 -ാം തീയതിയിലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ SW3-804/2021 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (ബി) | വഴിയരികിലും പൊതുസ്ഥലങ്ങളിലും മറ്റും അപകടകരമായി നിൽക്കുന്ന മരങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും പലപ്പോഴും ഹാനികരമാണ്. ഇത്തരത്തിലുള്ള അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കി മാറ്റാനുള്ള അപേക്ഷ വനം വകുപ്പ് ഓഫീസിൽ ലഭിച്ച് 2 ദിവസത്തിനകംതന്നെ തീർപ്പാക്കാനും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഉദ്യോഗസ്ഥർ അപേക്ഷയ്ക്കായി കാത്തുനിൽക്കാതെ ബന്ധപ്പെട്ട വകുപ്പുമായി ഇക്കാര്യത്തിൽ മുൻകൈയ്യായി പരിശോധന നടത്തി അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കി മാറ്റുന്നതിന് 3.6.2021 -ാം തീയതിയിലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ SW3-804/2021 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് തേടുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ? | (സി) | തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള, അപകടകരമായ വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ വൃക്ഷകമ്മറ്റി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള മരങ്ങളും ശിഖരങ്ങളും മുറിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടപടി സ്വീകരിക്കേണ്ടത് |

സെക്ഷൻ ഓഫീസർ